SUKUMARAN

അനുപമയുടെ

# ബോയ്ഫ്രണ്ട്

പോപ്പുലർ റിലീസ്

കഥ, സംഭാഷണം, സംവിധാനം

വേണു

240



അനുപമയുടെ

# ★ ബോയ് ഫ്രണ്ട് ★

ബോയ് ഫ്രണ്ട്സ്

വിൻസെൻറ്, സുധീർ, കെ. പി. ഉമ്മർ, അടൂർ ഭാസി, S P. പിള്ള രവി മേനോൻ, സുകുമാരൻ, കുതിരവട്ടം പപ്പു, സദൻ, സദാശിവൻ, പീതാംബരൻ, തങ്കപ്പൻ, സുരേന്ദ്രൻ, ഗിരിജൻ

ഗേൾഫ്രണ്ട്സ്

വിധുബാല, റാണിചന്ദ്ര, റീന, സുകുമാരി, ശ്രീലത, സാധന, മല്ലിക, ജമീലാ മാലിക്, സ്വപ്ന, ലിസി......

പാടിയവർ

യേശുദാസ്, ജയചന്ദ്രൻ, ശ്രീകാന്ത്, പത്മനാഭൻ, മാധുരി

# ബോയ്ഫ്രണ്ട്

## കഥാസൂചന

ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചു പഠിക്കുന്ന ഒരു കോളേജിന്റെ ഒരു ക്ലാസ്സുമുറിയിൽ കഥയാരംഭിക്കുന്നു. പ്രൊഫസർ ക്ലാസ്സെടുത്തുകൊണ്ടിരിക്കുമ്പോൾ അതിൽ ശ്രദ്ധിക്കാതെ രാധിക വായിച്ചുകൊണ്ടിരിക്കുന്ന ഒരു ലൈംഗിക പുസ്തകത്തിൽ ഗീത ശ്രദ്ധിക്കുന്നു. ബെല്ലടിക്കുമ്പോൾ ആ പുസ്തകവുമായി പുറത്തേക്ക് ഓടിയ രാധികയെ ഗീത പിൻതുടരുന്ന രാധികയുടെ കയ്യിൽനിന്നും ആ ലൈംഗിക പുസ്തകം തട്ടിപ്പറിച്ചു് വായിക്കുമ്പോൾ അതുവരെ അറിഞ്ഞിട്ടില്ലാത്ത ഒരു പുതിയ മേഖലയിലേക്ക് ഗീതയുടെ ഭാവന ചിറകുവിരിച്ചു പറക്കുന്നു. രാധികയുടെ കൂട്ടുകാരി മല്ലികക്കു് അവളുടെ ബോയ്ഫ്രണ്ട് സമ്മാനിച്ചതാണാപുസ്തകം.

മി. കെ. ആർ. കെ. നായരുടേയും മിസ്സസ്: സുശീലാനായരുടേയും ഏകപുത്രിയാണ് ഗീത. യൗവ്വനയുക്തയായ ഭാര്യയും വാർദ്ധക്യത്തിലേക്ക കാലുകുത്തിയ ഭർത്താവും — അതാണ് നായർ ദമ്പതികൾ. സ്വാഭാവികമായും ആ ചുററുപാടിൽ ഉണ്ടാകേണ്ട ഒരു വികാരമുണ്ട് — അസംതൃപ്തി. പക്ഷെ ഇവിടെ അതില്ല. നായർ ദമ്പതികൾ പരിപൂർണ്ണ സംതൃപ്തരാണ്. ഒരു മാതൃകാകുടുംബമാണ് അവരുടേതു്. പുറമെനിൽക്കുന്നവർക്ക് ആ കുടുംബജീവിതം നോക്കികാണുന്നതുതന്നെ ഒരു രസമാണു്.

പതിമ്മൂന്നു വർഷങ്ങൾക്കുമുമ്പു് മരിച്ചുപോയ ഭാര്യയെക്കുറിച്ചുള്ള സ്മരണകളുമായി ദിവസങ്ങൾ തള്ളിനീക്കുന്ന പ്രൊഫസർ കെ. കെ. മേനോൻെറ ഏകപുത്രിയാണ് രാധിക. അച്ഛൻെറ അതിരററ വാത്സല്യവും ലാളനയും ഏററു വളർന്ന സുന്ദരിയും കുസൃതിക്കാരിയുമായ രാധികയുടെ ജീവിതത്തിൽ അത്യന്താധുനിക സാഹിത്യകാരനായ രവി എന്ന അവളുടെ ബോയ്ഫ്രണ്ടു വരുത്തുന്ന മാററങ്ങൾ നിങ്ങളിൽ കൗതുകമുണർത്തും. മൂകാനുരാഗവുമായി പ്രൊഫസറെ സ്നേഹിക്കുന്ന മിസ്: ലീലാമേനോൻ എന്ന ലക്ചററോടു് നിങ്ങൾക്ക തോന്നുന്ന വികാരം സഹതാപമായിരിക്കും — തീർച്ച.

ആധുനിക ലോകത്തിലെ എല്ലാ ഫാഷനുകളേയും എതിർത്തുകൊണ്ട്, സ്വന്തം മകളായ ലക്ഷ്മീദേവിയെ ചേന്ദമംഗലം മുണ്ടും നേര്യതും ധരിപ്പിച്ച്, തലമുടി കെട്ടിൽ തുളസിപൂക്കളും ചൂടിച്ച് കോളേജിലേക്ക് അയക്കുന്ന പണിക്കർ എന്ന രസികനെ അറിയില്ലേ? നമ്മുടെ സമുദായത്തിലെ ഒററപ്പെട്ട ഒരു കഥാപാത്രമാണയാളം. ലോകരെല്ലാം തൻെറ മകളെപററി നല്ലവാക്ക പറയണം എന്നല്ലാതെ വേറൊരാഗ്രഹവും പണിക്കർക്കില്ല. ശുദ്ധൻ! പാവം!!

ചിത്രകാരനായ വിജയൻ, കോളേജിലെ കവിയും, ഗായകനും, ഹീറോയുമായ വിനോദ്, തമിഴ്സിനിമാപാട്ടുകളുടെ പല്ലവി പാടിനടക്കുന്ന പണിക്കരുടെ കാര്യസ്ഥൻ കുട്ടൻ, നമ്മുടെ നാട്ടിൽ സാധാരണയായി കണ്ടുവരുന്ന ഒരു വ്യക്തിത്വത്തിൻെറ ഉടമയായ സുന്ദരീയും ചെറുപ്പക്കാരിയുമായ വേലക്കാരി അമ്മുക്കുട്ടി, ഒരു മുരടൻെറ ഭാവത്തിൽ പ്രേമാഭിനയം നടത്തുന്ന ലക്ഷ്മീദേവിയുടെ ബോയ് ഫ്രണ്ട് രഘു........അങ്ങിനെ പലരും ഈ കഥയിലുണ്ട്........എല്ലാവരും നായികാനായകന്മാരുമാണ് — ആദ്യന്തം വിനോദം തുളുമ്പിനിൽക്കുന്ന അവരുടെ കഥയാണ് ബോയ് ഫ്രണ്ട്.

## ഗാനം 1

ഗാനരചന—ശ്രീകുമാരൻതമ്പി

പാടിയതു്—ശ്രീകാന്തു്

ജാതരൂപിണീ നീ വളർന്നു അനു—
രാഗജാലകം മിഴി തുറന്നു
പതിനേഴ് വർഷങ്ങൾ
പാരിജാതങ്ങൾ നിൻ—
പാദങ്ങൾ പൂജിച്ചു വാടിവീണു
(ജാതരൂപിണീ)

പതിനെട്ടാം ജന്മനക്ഷത്രം — നിന്റെ
പടിവാതിലിൽ വന്നുദിച്ചു
ആ വാൻ കുസുമത്തിൻ
ഗന്ധവും ദീപ്തിയും
ആരോമലെ ഞങ്ങൾ പങ്കിടട്ടെ.

Happy birth day to you,
Happy birth day to you!
(ജാതരൂപിണീ....)

അഭിനന്ദനത്തിൻ പ്രവാഹം — ഇതു
തുടികൊട്ടും ജീവന്റെ ഗാനം
ആ സത്യ സൗന്ദര്യ ശക്തിതൻ
വീചിയിൽ
ആശാലതേ ഞങ്ങൾ നീന്തിടട്ടെ!

Happy birth day to you,
Happy birth day to you,
(ജാതരൂപിണീ....)

## ഗാനം 2

ഗാനരചന—ശ്രീകുമാരൻതമ്പി

പാടിയവർ—ജയചന്ദ്രൻ, മാധുരി
പത്മനാഭൻ, (കോറസ്)

F Oh! My Boy friend!
M Oh! My Girl friend!
F ഒരു കല്പകത്തിൻ കവിത
കളെഴുതിവരൂ
M ഒരു നിമിഷത്തിൻ
ലഹരിയിലൊഴുകിവരൂ!
(Oh my........)
F ഉന്മാദമുണർത്തുമീ സായാഹ്നം
ഉല്ലാസം തിളങ്ങുമീ സംവാദം
M ഇന്നിന്റെ ചുവരിലെഴുതും
ചിത്രങ്ങൾ
എന്നെന്നുമോമനിക്കും രത്നങ്ങൾ

F&M മനസ്സിന്റെ ചെപ്പുതുറക്കൂ
മാണിക്യപ്പൂമൊട്ടു നിറയ്ക്കൂ!
(Oh my..........)
F മൂവന്തിപ്പൂവൻ മിന്നും പൂവാനം
മഴക്കോപ്പു ചാർത്തുമീയുദ്യാനം
M ഇന്നിന്റെ കണക്കിലെഴുതും
അക്കങ്ങൾ
എന്നെന്നും നിലനിൽക്കും
നാണ്യങ്ങൾ
M&F മനസ്സിന്റെ പെട്ടി തുറക്കൂ
മങ്ങാത്ത പവൻ വാരിനിറയ്ക്കൂ
(Oh my..........)

## ഗാനം 3

രചന - ശ്രീകുമാരൻതമ്പി

പാടിയത് — ജയചന്ദ്രൻ

മാരി, പൂമാരി
മാല കുളിർമാല
മാറിൽ നിൻ മനസ്സിൽ
നിൻചുണ്ടിൽ നിൻ വിരലിൽ
നിൻ കാർകുന്തലിൽ
(മാരി........)

ശൃംഗാരസ്വപ്നത്തിൻ ചൈതന്യശില്പമേ
എൻപ്രേമവാസന്ത മംഗല്യപുഷ്പമേ
അണിയിക്കൂ നീ എൻ ജീവന്റെ
ജീവനിൽ
സ്വയം കോരിത്തരിക്കുമോ
സൗഗന്ധികം.
(മാരി........)

ചിന്താവിയത്തിലെ സിന്ദൂരമേഘമേ
എൻമോഹസന്ധ്യതൻ മായാതരംഗമേ
വിരിയിക്കൂ നീ എൻ മണിവീണാ
തന്ത്രിയിൽ

സ്വപ്നപുഷ്പമായ് നിന്റെ രാഗാംബരം.
(മാരി........)

## ഗാനം 4

ഗാനരചന—വേണു

പാടിയത്—യേശുദാസ്

അനുരാഗത്തിൻ ലഹരിയിൽ
ഞാൻ നിൻ ആരാധകനായീ
ആ മുഗ്ദ്ധമരന്ദ മന്ദസ്മിതത്തിൽ
ആസ്വാദകനായീ—ഞാൻ നിൻ
ആസ്വാദകനായീ.

(അനുരാഗത്തിൻ........)

താമരമൊട്ടിനാൽ മദനോത്സവത്തിലീ
താരുണ്യം നിന്നെയലങ്കരിച്ചു
സൗന്ദര്യദേവത നിൻ കവിളും രണ്ടിലും
സൗഗന്ധികപ്പൂ വിടർത്തീ
ആത്മസഖീ— നിന്നെയാവിശ്വശില്പി—
യൊരപൂർവ്വ സുന്ദരിയാക്കി

(അനുരാഗത്തിൻ........)

കാമോപമൻ നിൻ മിഴികളിലെഴുതി
കാമിനീ ഈ സുമമുഗ്ദ്ധഭാവം
കാലം തൂവിയെഴുതി വസന്തവർണ്ണങ്ങ—
ളെൻകരളിൽ മണിയറയിൽ
തെളിയുമ്പോൾ
ആത്മസഖീ—നിൻ തളിർ തനുവില്ല
കുലച്ചായിരമമ്പെയ്യാൻ മോഹം—പതി
നായിരമമ്പെയ്യാൻ മോഹം

(അനുരാഗത്തിൽ........)

സാങ്കേതിക വിദഗ്ദ്ധർ —

കഥ — ശശികല

ഗാനങ്ങൾ — ശ്രീകുമാരൻതമ്പി, വേണു

സംഗീതം — ദേവരാജൻ

നൃത്തം — ഇ. മാധവൻ

കല — കെ. ബാലൻ

മേക്കപ്പ് — മോഹൻ

വസ്ത്രാലങ്കാരം — ഗണേശൻ

സ്റ്റണ്ട് — ഗുരുക്കൾ

പ്രൊഡക്ഷൻ മാനേജർ — കണ്ണൻകുട്ടി

സംവിധാനസഹായി — കൃഷ്ണദാസ്


പബ്ലിസിറ്റി ആർട്ട് — സലാം

ചിത്രസംയോജനം — കല്യാണസുന്ദരം

ഛായാഗ്രഹണം — വിപിൻദാസ്

വിതരണം — പോപ്പുലർ ഫിലിംസ്

തിരക്കഥ, സംഭാഷണം,
നിർമ്മാണം, സംവിധാനം — വേണു.



അനുപമയുടെ **ബോയ്ഫ്രണ്ട്**

വിതരണം:- **പോപ്പുലർ ഫിലിംസ്** ചങ്ങനാശേരി,
കോട്ടയം, എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം.

Union Printers, Changanacherry.